# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നെടുമ്പ്രം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAPTA-P4-1322/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയതി: 23/01/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെടുമ്പ്രം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെടുമ്പ്രം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുമ്പ്രം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAPTA-P4-1322/2022 തീയ്യതി: 23/01/2023

## പത്തനംതിട്ട ജില്ലയിലെ നെടുമ്പ്രം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ നെടുമ്പ്രം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-06-2022 മുതൽ 15-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സ്നിഗ്ധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 17-11-2022 | 26-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-11-2022 | 26-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അജ്മൽ എ എസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്മിത റ്റി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി അശ്വതി.വി.നായർ, ഓഡിറ്റർ
ശ്രീമതി ആശ എം കുരുവിള, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി റ്റി പ്രസന്നകുമാരി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ പി മനോജ് കുമാർ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ റാസിഫ് എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ സുധീന്ദ്ര വൈ എസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. ജൂലി ജോർജ്ജ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. ജിഷ സുജാതൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ. നിമില ജോസഫ് ഇ | വെറ്ററിനറി സർജൻ | 01-04-2021 | 16-01-2022 |
| ഡോ. റൂൺ മറിയം മത്തായി | വെറ്ററിനറി സർജൻ | 17-01-2022 | 03-03-2022 |
| ഡോ. നിമില ജോസഫ് ഇ | വെറ്ററിനറി സർജൻ | 04-03-2022 | 31-03-2022 |
| ശ്രീ അരുൺ ആർ | വി.ഇ.ഒ I | 01-04-2021 | 19-09-2021 |
| ശ്രീമതി ജീന എ | വി.ഇ.ഒ I | 20-09-2021 | 31-03-2022 |
| ശ്രീമതി ബിൻസി ആർ | വി.ഇ.ഒ II | 01-04-2021 | 31-03-2022 |
| ശ്രീമതി റസീന എച്ച് | ഹെഡ്മിസ്ട്രസ് | 01-04-2021 | 09-12-2021 |
| ശ്രീമതി സിന്ധു ജി | ഹെഡ്മിസ്ട്രസ് | 10-12-2021 | 31-03-2022 |
| ശ്രീമതി ബിന്ദുജാ ദേവി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 05-09-2021 |
| ശ്രീമതി ആതിര ആർ എൽ | ഡയറി ഫാം ഇൻസ്ട്രക്ടർ | 06-09-2021 | 31-03-2022 |
| ശ്രീമതി ഗിരിജാകുമാരി എസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 16-11-2021 |
| ശ്രീമതി സിന്ധു ഐ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 17-11-2021 | 31-03-2022 |

| | | | |
|---|---|---|---|
| പോൾ | | | |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു | 1-11 |
| 12 | ലൈസൻസ് ഫീസ് പിരിവ് - പൊതുവായ അപാകതകൾ | 1-12 |
| 13 | അംഗീകരിച്ച ക്വട്ടേഷനിൽ അധികമായി വാഹനവാടക നൽകി. | 1-13 |
| 14 | ഐ.ടി.ഐ വിദ്യാർത്ഥിയ്ക്ക് ലാപ്ടോപ്പ് - മാർഗരേഖയ്ക്ക് വിരുദ്ധം | 1-14 |
| 15 | ലൈഫ് ഭവനപദ്ധതി - ഗുണഭോക്താവ് ഭവനനിർമാണം പൂർത്തീകരിച്ചിട്ടില്ല. | 1-15 |
| 16 | ജനകീയ ഹോട്ടലിന് ഉപകരണം വാങ്ങി നൽകിയത്- അനുവദനീയമല്ലാത്ത ചെലവ് | 1-16 |
| 17 | ഗുണഭോക്തൃവിഹിതം ചെലവഴിച്ചിട്ടില്ലാത്തത് സംബന്ധിച്ച് | 1-17 |
| 18 | കരാറിൽ ഏർപ്പെടാതെ നിക്ഷേപപ്രവൃത്തികൾ നടപ്പിലാക്കുന്നു | 1-18 |
| 19 | സി.ഡി.എസ്.-ഓഫീസിലേക്ക് ലാപ്ടോപ്പ് വാങ്ങൽ - ചലഞ്ച് ഫണ്ട് ഉപയോഗിച്ചു | 1-19 |
| 20 | കുടിവെള്ളക്കരം ഒടുക്കൽ - ധനകാര്യകമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു | 1-20 |
| 21 | പി എച്ച്.സി മെയിന്റനൻസ് അന്തിമ ബില്ലിൽ അധികം തുക അനുവദിച്ചു, സ്ക്രാപ്പ് ഐറ്റങ്ങളുടെ വില കുറവ് വരുത്തിയില്ല | 1-21 |
| 22 | ഏറ്റെടുത്ത നിർമ്മാണ പ്രവൃത്തി കരാറുകാരൻ നിർവ്വഹിച്ചില്ല - നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പൂർത്തിയാക്കുന്നത് - സംബന്ധിച്ച് . | 1-22 |
| 23 | പരേതർക്കും ക്ഷേമപെൻഷൻ വിതരണം ചെയ്തു | 1-23 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | അംഗീകരിച്ച ക്വൊട്ടേഷനിൽ അധികമായി വാഹന വാടക നൽകി | 3-1 |

| ഭാഗം 4 | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 23-02-2021 ലെ 2(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 24-02-2022 ലെ 2(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

നെടുമ്പ്രം ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക 25.07.2022-ൽ എയിംസിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഷെഡ്യൂൾ ബി 4

Development Fund Central Finance Commission Grant- Basic Tax Grant, Development Fund Central Finance Commission Grant- Tied Fund എന്നിവയുടെ നീക്കിയിരിപ്പ് ACR ലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

Beneficiary Contribution ഇനത്തിൽ അവശേഷിക്കുന്ന 23300 രൂപയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

Contributions For Joint Venture Projects സംയുക്ത പദ്ധതികൾക്കായുള്ള ബാധ്യത ഹെഡുകളിലെ ആകെ തുകയും ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലെ തുകയുമായി (B-17) പൊരുത്തപ്പെടുന്നില്ല.

2. ഷെഡ്യൂൾ B9
ലൈബ്രറി സെസ്സ് ഇനത്തിൽ 191531 രൂപ ഒടുക്കുവാൻ അവശേഷിക്കുന്നതായി കാണിച്ചിട്ടുണ്ടെങ്കിലും 136364 രൂപ മാത്രമാണ് ഒടുക്കിയിട്ടുള്ളത്. VAT ഇനത്തിൽ 28,903 രൂപയും വാട്ടർ ചാർജ്ജ് റീഫണ്ട്സ് പേയബിൾ ഇനത്തിൽ 831749 രൂപയും ഒടുക്കുവാൻ അവശേഷിക്കുന്നതായി കാണിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച രേഖകൾ ലഭ്യമല്ല.

3. ഷെഡ്യൂൾ B11
സ്ഥിര ആസ്തികളുടെ നീക്കിയിരിപ്പ് തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമല്ല.

4. ഷെഡ്യൂൾ B11(b)
Capital Work In Progress ഇനത്തിലെ തുക അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
5. ഷെഡ്യൂൾ ബി 1 2

സ്ഥിരനിക്ഷേപം ഇനത്തിൽ നീക്കിയിരിപ്പുള്ള തുക ഈ ഷെഡ്യൂളിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

6. ഷെഡ്യൂൾ ബി 15

Receivables From Government-Others ഇനത്തിൽ 2293142 രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ട്രഷറി അക്കൗണ്ടിൽ നിന്നും 1972690 രൂപയാണ് തിരിച്ചുപിടിച്ചിരിക്കുന്നത്. അവശേഷിക്കുന്ന 320452 ക്രമീകരിക്കേണ്ടതാണ്.

7. ഷെഡ്യൂൾ ബി 17

SBI E Payment,SBI Own Fund, Treasury LGTSB എന്നീ അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

സ്ഥിരനിക്ഷേപം ഇനത്തിൽ നീക്കിയിരിപ്പുള്ള തുക Co-operative Bank (1772) എന്ന അക്കൗണ്ടായി ഉൾപ്പെടുത്തിയിരിക്കുന്നു.

8. ഷെഡ്യൂൾ ബി 18

Advance To Implimenting Officers എന്നയിനത്തിൽ അവശേഷിക്കുന്ന225230 രൂപ ക്രമീകരിക്കേണ്ടതാണ്.

Advance To Others എന്നയിനത്തിൽ 534898 രൂപ ക്രമീകരിക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു. എന്നാൽ ടി തുകയുടെ വിവരം ബന്ധപ്പെട്ട രജിസ്റ്ററിൽ ലഭ്യമല്ല.
തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8821139 |
| വരവ് | 50743640 |
| ആകെ | 59564779 |

| | |
|---|---|
| ചെലവ് | 53625976 |
| നീക്കിയിരിപ്പ് | 5938803 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത് ) | ആകെ | ചെലവ് ചെലവുപത്രിക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ഇല്ല | 7705402 | 7705402 | 7624103 | 81299 |
| വികസന ഫണ്ട്-എസ്.സി.പി | „ | 2474016 | 2474016 | 2434000 | 40016 |
| വികസന ഫണ്ട്-ടി.എസ്.പി | „ | 10500 | 10500 | 00 | 10500 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | „ | 2243618 | 2243618 | 2145247 | 98371 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | „ | 2212399 | 2212399 | 1888524 | 323875 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | „ | 14079308 | 14079308 | 12844855 | 1234453 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ-റോഡ് | „ | 4985247 | 4985247 | 3547103 | 1438144 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| സാക്ഷരത | 44808 | 1222 | 46030 | 0 | 46030 |
| ശുചിത്വമിഷൻ ഗ്രാന്റ് | 344243 | 0 | 344243 | 252444 | 91799 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 326075.25 | 746140.50 | 1072215.75 | 1072215 | 0.75 |
| ഐ.സി.ഡി.എസ്. | 114677 | 420275 | 534952 | 485008 | 49944 |
| സമ്പൂർണ്ണ ശുചിത്വം | 403079 | 286000 | 689079 | 367140 | 321939 |

1) സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വികസനഫണ്ട് ജനറൽ, എസ്.സി.പി. എന്നിവയുടെ സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 689332 |
| വികസന ഫണ്ട്-ജനറൽ | അങ്കണവാടി അധിക വേതനം | 657000 |
| വികസന ഫണ്ട്-എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 73334 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 165 | 53498720 | 143 | 38061676 | 22 | 86.67 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പ്രോജക്ടുകൾ | നടപ്പിലാക്കിയവ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 2253400 | 2147400 | 95.3 |
| വെറ്ററിനറി സർജൻ | 7 | 7 | 2006500 | 1964668 | 97.9 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 7 | 7 | 1995500 | 1965360 | 98.5 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 180000 | 177000 | 98.3 |
| ഹെഡ്മാസ്റ്റർ | 1 | 1 | 200000 | 200000 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 15 | 13 | 9506546 | 4142072 | 43.57 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 12 | 11 | 3680234 | 2722199 | 73.97 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 5 | 3344900 | 2817895 | 84.24 |
| സെക്രട്ടറി | 31 | 27 | 6295300 | 4828346 | 76.69 |
| അസിസ്റ്റന്റ് എൻജിനീയർ | 77 | 63 | 23586340 | 16846736 | 71.43 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 450000 | 250000 | 55.56 |
| ആകെ | 165 | 143 | 53498720 | 38061676 | 71.15 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | - | 15926031 | 15926031 | 15926031 | - |
| അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ | 326075.25 | 746140.5 | 1072215.75 | 1072215 | 0.75 |
| ആകെ | 326075.25 | 16672171 5 | 16998246.75 | 16998246 | 0.75 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4781800 | 296 |

| | | |
|---|---|---|
| വിധവാപെൻഷൻ | 7281700 | 466 |
| വാർദ്ധക്യകാലപെൻഷൻ | 19344100 | 1348 |
| ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 2659300 | 176 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 366400 | 22 |
| തൊഴിൽരഹിതവേതനം | 10200 | 5 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.11.2022-തീയതിയിൽ 2.30 PMന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1559 രൂപ (ആയിരത്തി അഞ്ഞൂറ്റി അമ്പത്തിയൊമ്പത് രൂപ) ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിൽ കൃത്യമായ ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്വങ്ങൾ വിഭജിച്ച് നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ച് കൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. എല്ലാ നികുതി പിരിവ് ജീവനക്കാരുടെയും കളക്ഷൻ രജിസ്റ്റർ പരിശോധിച്ച്, പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്നുള്ളത് മേലുദ്യോഗസ്ഥർ ഉറപ്പുവരുത്തുന്നുണ്ട് . നികുതിയിനത്തിലെ പിരിവ് കാര്യക്ഷമമാണ്. ക്യാഷ്ബുക്ക്, ഡേബുക്ക്, ബാങ്ക് ബുക്ക് എന്നിവ അക്കൗണ്ടന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. കൃത്യമായ ഇടവേളകളിൽ ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ് ബുക്കുകളുമായി പൊരുത്തപ്പെടുത്തി, സൂക്ഷിച്ചുപോരുന്നതിനാൽ നീക്കിയിരിപ്പ് തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. പ്രതിമാസ വരവുചെലവ് കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.08.2017 മുതൽ 07.09.2017 വരെ | 2012-13 മുതൽ 2016-17വരെ | 02.11.2017 |
| പെർഫോമൻസ് ഓഡിറ്റ് | 18.04.2022 മുതൽ 20.04.2022 വരെ | 04/2021 മുതൽ 12/2021 വരെ | ലഭിച്ചിട്ടില്ല |

## 1-11 മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു

കേരള പഞ്ചായത്ത് രാജ് വസ്തുനികുതി ചട്ടങ്ങൾ 01.04.2011 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ജി.ഒ.(ആർ.റ്റി)നം.19/2011 /തസ്വഭവ, തീയതി 14.01.2011 നമ്പർ ഉത്തരവ് അനുസരിച്ച് 500 രൂപ നിരക്കിൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി 2013 വർഷം പുനർനിർണ്ണയിച്ചിട്ടുണ്ട്. 11/421 നമ്പരായി സ്ഥിതിചെയ്യുന്ന 14.1 ച.മീ. തറവിസ്തീർണ്ണമുള്ളതും 8460 രൂപ വാർഷിക വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളതുമായ റിലയൻസ് ഇൻഫോകോം ലിമിറ്റഡ് എന്ന ടവറിന്റെ 2020 ഒന്നാം അർദ്ധവർഷം മുതലുള്ള വസ്തുനികുതി ഈടാക്കുവാൻ അവശേഷിക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/24.11.2022) നികുതി ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 ലൈസൻസ് ഫീസ് പിരിവ് - പൊതുവായ അപാകതകൾ

കേരളാ പഞ്ചായത്ത്രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ 2021-22 വർഷത്തെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ അനുസരിച്ച് 224 സ്ഥാപനങ്ങളാണ് തൻവർഷം ലൈസൻസ് എടുത്തിട്ടുള്ളത്.

തൻവർഷം ലൈസൻസ് എടുത്ത 224 സ്ഥാപനങ്ങളിൽ 97 സ്ഥാപനങ്ങളാണ് സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപ് ലൈസൻസ് എടുത്തിട്ടുള്ളത്. 2022ജനുവരി മുതൽ മാർച്ച് വരെയുള്ള കാലയളവിൽ 2021-22സാമ്പത്തികവർഷത്തേക്കുള്ള 25 ലൈസൻസുകൾ അനുവദിച്ചിട്ടുണ്ട്. ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സഞ്ചയ സോഫ്റ്റ്വെയർ അനുസരിച്ച് വാണിജ്യാവശ്യത്തിനുള്ളവ, ഓഫീസ് ആവശ്യത്തിനുള്ളവ എന്നീ ഉപയോഗക്രമങ്ങളിലായി 659 കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചിട്ടുണ്ട്. വ്യവസായ/വാണിജ്യ വിനിയോഗങ്ങൾക്ക് കെട്ടിടനമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളിൽ വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

നികുതി പിരിവിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ തങ്ങൾക്ക് ചുമതലയുള്ള വാർഡുകളിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെല്ലാം തന്നെ ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-13 അംഗീകരിച്ച ക്വട്ടേഷനിൽ അധികമായി വാഹനവാടക നൽകി.

പദ്ധതിയുടെ പേര് -ഹരിതകർമസേനയ്ക്ക് വാഹനം വാടക
നം. 182/2021-22

അടങ്കൽ - 30000 ( നിർമൽ പുരസ്കാർ )

ചെലവ് - 29989 രൂപ

ബിൽ നം- 266/18.03.2022 , തുക-29989 രൂപ
ഹരിതകർമസേനയ്ക്ക് വാഹനം വാടകയ്ക്ക് എടുക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ ലഭിച്ച 3 ക്വട്ടേഷനുകളിൽ ഏറ്റവും കുറവ് തുക ക്വോട്ട് ചെയ്ത ശ്രീ.മണിക്കുട്ടൻ ടി.കെ. യുടെ കിലോമീറ്ററിന് 27 രൂപ , പ്രതിദിനം മിനിമം 945 രൂപ എന്ന ക്വൊട്ടേഷൻ 28.01.22 ലെ 4/1 നം തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം ശ്രീ.മണിക്കുട്ടൻ ടി.കെ. യുടെ പേരിലുള്ള 200 രൂപ മൂല്യമുള്ള മുദ്രപത്രം ,രേഖപ്പെടുത്തലുകൾ കൂടാതെ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. വിവിധ വാർഡുകളിൽ നിന്ന് മാലിന്യം ശേഖരിച്ച് എംസി.എഫ് ൽ എത്തിച്ചതിന് ട്രിപ്പ് ഷീറ്റുകൾ ഹാജരാക്കിയിട്ടുള്ളതാണ്. ക്വട്ടേഷനിൽ രേഖപ്പെടുത്തിയതിനെക്കാൾ അധികമായി ടിയാൾക്ക് 10765 രൂപ വാടക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക ഭാഗം 3 ൽ ഖണ്ഡിക 3-1 ആയി പ്രതിപാദിച്ചിരിക്കുന്നു. ക്വട്ടേഷനിൽ രേഖപ്പെടുത്തിയതിനെക്കാൾ അധികമായി നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-14 ഐ.ടി.ഐ വിദ്യാർത്ഥിയ്ക്ക് ലാപ്ടോപ്പ് - മാർഗരേഖയ്ക്ക് വിരുദ്ധം

പദ്ധതിയുടെ പേര്- എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്
നം. 80/2021-22
അടങ്കൽ - 272290 (വികസനഫണ്ട് -എസ്.സി.പി)

ചെലവ് - 272290 രൂപ

ബിൽ നം.55 /30.09.2021

വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന 10 വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ്പ് വിതരണം ചെയ്തിട്ടുള്ളത്. വിദ്യാർത്ഥികളിൽ ആദിത്യൻ ഒ. പാവാട്ടുകുഴിയിൽ , പൊടിയാടി ചെങ്ങന്നൂർ ഗവ.ഐ.ടി.ഐ വിദ്യാർത്ഥിയാണ്. (അഡ്മിഷൻ നം 309/20) . പദ്ധതി മാർഗരേഖ പ്രകാരം ഐ.ടി.ഐ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിന് നിർദേശിച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ടി വിദ്യാർത്ഥി നിലവിൽ കംപ്യൂട്ടർ അധിഷ്ഠിത കോഴ്സിന് പഠിക്കുന്നുവെന്നും , ലാപ്ടോപ്പ് പഠനത്തിന് പ്രയോജനപ്പെടുത്തുന്നുവെന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ആയത് സംബന്ധിച്ച രേഖകൾ മറുപടിയോടൊപ്പം ഹാജരാക്കിയില്ല. പദ്ധതി മാർഗരേഖ പ്രകാരമല്ലാതെ നൽകിയ ലാപ്ടോപ്പിന്റെ തുക 27229 രൂപ തടസ്സപ്പെടുത്തുന്നു.

## 1-15 ലൈഫ് ഭവനപദ്ധതി - ഗുണഭോക്താവ് ഭവനനിർമാണം പൂർത്തീകരിച്ചിട്ടില്ല.

ലൈഫ് ഭവന പദ്ധതി എസ്.സി ഗുണഭോക്താവായ ശ്രീമതി ശശികല , കണ്ടനാടി ചിറയിൽ എന്നയാൾ 03.02.2020 ൽ എഗ്രിമെന്റ് വച്ച് ആദ്യഗഡുവായി 40000 രൂപയും 06.05.2021 ൽ രണ്ടാം ഗഡുവായി 160000 രൂപയും കൈപ്പറ്റിയിട്ടുണ്ട്. ടി ഗുണഭോക്താവ് ഭവനനിർമാണം പൂർത്തീകരിച്ചിട്ടില്ല. ടിയാൾ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ജനകീയ ഹോട്ടലിന് ഉപകരണം വാങ്ങി നൽകിയത്- അനുവദനീയമല്ലാത്ത ചെലവ്

2021-22 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച 'വിശപ്പ് രഹിത കേരളം' പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്റ്റ് നം. & പേര് | : | S0147/22- വിശപ്പ് രഹിത കേരളം(SO) |
| ഫണ്ടിന്റെ വിവരങ്ങൾ | | |
| വികസന ഫണ്ട് (ജനറൽ) | : | വകയിരുത്തിയത് ₹ 45,000 |
| | | ചെലവഴിച്ചത് ₹ 24,100<br>BRN 6601481891 Date : 26.03.2021 |
| തനത് ഫണ്ട് | : | വകയിരുത്തിയത് ₹ 55,000 |
| | | ചെലവഴിച്ചത് ₹ 0 |

വിശപ്പ് രഹിത കേരളം എന്ന പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ നടത്തുന്ന ജനകീയ ഹോട്ടലിന് വികസനഫണ്ടിൽനിന്ന് 24,100 രൂപ ചെലവഴിച്ച് ഫ്രീസർ വാങ്ങി നൽകി. ജനകീയ ഹോട്ടലിന് ആവശ്യമായ ഉപകരണങ്ങൾ കുടുംബശ്രീ ലഭ്യമാക്കണമെന്ന് ഇതു സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയിൽ (സ.ഉ(കൈ) നം. 45/2020/തസ്വഭവ തീ. 06.03.2020) വ്യക്തമാക്കിയിരുന്നു. മാർഗ്ഗരേഖയിലെ നിർദ്ദേശത്തിനു വിരുദ്ധമായി പഞ്ചായത്തിൽനിന്ന് ഫ്രീസർ വാങ്ങി നൽകിയതിന് വിശദീകരണം ലഭ്യമാക്കണമെന്നു കാണിച്ചു നൽകി ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 12/25.11.2022) ലഭ്യമാക്കിയ മറുപടിയിൽ ജനകീയ ഹോട്ടലിൽ നിലവിൽ ഉപയോഗിച്ചു വന്നിരുന്ന ഫ്രീസർ ഉപയോഗിക്കുവാൻ പറ്റാത്തവിധം കേടുവരുകയും സ്ഥാപനത്തിന്റെ പ്രവർത്തനം താളംതെറ്റുകയും ചെയ്ത അവസരത്തിൽ 21.12.2021-ലെ 28(2)-ാം നമ്പർ തീരുമാന പ്രകാരം ഫ്രീസർ വാങ്ങി നൽകുന്നതിന് നടപടികൾ സ്വീകരിക്കുകയാണുണ്ടായത് എന്ന് അറിയിക്കുകയുണ്ടായി. ലഭ്യമാക്കിയ ടി മറുപടി അംഗീകരിക്കാവുന്നതല്ല. ജനകീയ ഹോട്ടലിന് ആവശ്യമായ ഉപകരണങ്ങൾ കുടുംബശ്രീ മുഖാന്തിരം ലഭ്യമാക്കാതെ ഈ ആവശ്യത്തിന് പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി തുക നൽകിയത് നിലവിലുള്ള സർക്കാർ നിർദ്ദേശത്തിന്റെ ലംഘനമാണ്. ആയതിനാൽ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 1-17 ഗുണഭോക്തൃവിഹിതം ചെലവഴിച്ചിട്ടില്ലാത്തത് സംബന്ധിച്ച്

വെറ്ററിനറി സർജൻ നിർവഹണം നടത്തിയ കാലിത്തീറ്റ വിതരണം (പ്രോജക്റ്റ് നം 50/21-22) പ്രോജക്റ്റിൽ 487500 രൂപ ഗുണഭോക്തൃവിഹിതം ചെലവഴിച്ചതായി സുലേഖയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃവിഹിതമായി 494250 രൂപ പിരിച്ചിട്ടുള്ളതായി (ആപ്കോസ് വഴി) രജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നു. അധികമായി പിരിച്ച 6750 /- രൂപ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കേരളാ ഫീഡ്സിൽ നിന്നും വാങ്ങി വിതരണം ചെയ്ത കാലിത്തീറ്റ ബിൽ തുകകളുടെ അടിസ്ഥാനത്തിൽ 6750 രൂപയുടെ ചെക്ക് (നം. /31.03.2022 ) തുക ട്രാൻസ്ഫർ ചെയ്യുന്നതിന് എസ്.ബി.ഐയിൽ നൽകിയെങ്കിലും നാളിതുവരെ തുക ട്രാൻസ്ഫർ ചെയ്യാത്തതിനാൽ , എസ്.ബി.ഐ ക്ഷമാപണക്കത്ത് നൽകുകയും ചെക്ക് റീവാലിഡേറ്റ് ചെയ്ത് നൽകുവാൻ അഭ്യർത്ഥിച്ച് തിരികെ നൽകിയിട്ടുണ്ടെന്നുമാണ് മറുപടി

നൽകിയത്. തനതു ഫണ്ടിൽ നിലനിൽക്കുന്ന ടി തുകയുടെ ഇടപാട് സംബന്ധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതും ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-18 കരാറിൽ ഏർപ്പെടാതെ നിക്ഷേപപ്രവൃത്തികൾ നടപ്പിലാക്കുന്നു

2020-21 സാമ്പത്തികവർഷം പ്രോജക്ട് നമ്പർ 33/21 പ്രകാരം വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾക്കായി 3,00,000 രൂപ 2021 മാർച്ച് മാസം വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. ഈ പദ്ധതിക്ക് 3,71,000 രൂപയുടെ എസ്റ്റിമേറ്റാണ് വാട്ടർ അതോറിറ്റി ലഭ്യമാക്കിയത്. അതിൻ പ്രകാരം 2021-22 സാമ്പത്തിക വർഷം (പ്രോജക്ട് നം. 183/22) പ്രകാരം 71,000 രൂപ കൂടി ഫെബ്രുവരി മാസം 2022 -ൽ വാട്ടർ അതോറിറ്റിയിൽ ഡിപ്പോസിറ്റ് ചെയ്യുകയുണ്ടായി. ഫയൽ പരിശോധിച്ചപ്പോൾ വാട്ടർ അതോറിറ്റിയുമായി കരാർ വച്ചതിന്റെ രേഖകൾ, ടി പ്രവൃത്തിയുടെ പൂർത്തീകരണസാക്ഷ്യപത്രം എന്നിവ ഫയലിൽ ഇല്ല. വാട്ടർ അതോറിറ്റിയുമായി കരാർ ചമയ്ക്കാതെ തുക നിക്ഷേപിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് ( നം. 2 തീയതി 19.11.2022) നൽകിയ മറുപടിയിൽ തദ്ദേശ തിരഞ്ഞെടുപ്പ് നടന്ന സമയമായതിനാൽ കരാർ ചമയ്ക്കുന്നതിന് സാധിച്ചില്ലായെന്നാണ് അറിയിച്ചത്. കരാർ ചമയ്ക്കാതെ തുക ഡെപ്പോസിറ്റ് ചെയ്തത് വീഴ്ചയാണ്. ഇത് ആവർത്തിക്കാതിരിക്കുന്നതിൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ പല ഡെപ്പോസിറ്റ് പ്രവൃത്തികളുടെയും തുക സാമ്പത്തിക വർഷാവസാനമാണ് നിക്ഷേപിച്ചിട്ടുള്ളത്. കെ.എസ്.ഇ.ബി., വാട്ടർ അതോറ്റി തുടങ്ങിയ ഏജൻസികൾ മുഖേന നിർവ്വഹിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ഡെപ്പോസിറ്റ് തുക നവംബർ 30നകം നൽകേണ്ടതാണെന്ന് 21-11-18ലെ ഡി.എ.1/798 /2018/തസ്വഭവ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-19 സി.ഡി.എസ്.-ഓഫീസിലേക്ക് ലാപ്ടോപ്പ് വാങ്ങൽ - ചലഞ്ച് ഫണ്ട് ഉപയോഗിച്ചു

സി.ഡി.എസ്. ഓഫീസിന്റെ പ്രവർത്തനങ്ങൾക്കായി ലാപ്ടോപ്പ് വാങ്ങുന്നതിന് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, 16.09.2020-ലെ പി 1-2235/2018/കെ.ശ്രീ/പിറ്റിഎ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. ഈ അനുമതി ഉത്തരവിൽ തനത് ഫണ്ടിൽ നിന്നും തുക കണ്ടെത്തി വാങ്ങുന്നതിനാണ് നിർദ്ദേശിച്ചിരുന്നത്. ടി വാങ്ങൽ സ്റ്റോർ പർച്ചേസ് നിയമ പ്രകാരം ആയിരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ആശ്രയ കുടുംബങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനാണ് 'ആശ്രയാ പദ്ധതി' വിഭാവനം ചെയ്തിരിക്കുന്നതും ഫണ്ട് അനുവദിച്ചിരിക്കുന്നതും എന്നാൽ ഇതിനു വിരുദ്ധമായി പട്ടികയിൽ അനുവദിച്ച ഫണ്ടിൽ നിന്നും CDS-ഓഫീസിന്റെ പ്രവർത്തനങ്ങൾക്കായുള്ള വാങ്ങലുകൾ നടത്തിയത് ക്രമപ്രകാരമല്ല.

2. വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേസ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവ 25,000-നു മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും GeM (Governmen E-Market Place) മുഖേന സമാഹരിക്കേണ്ടതും വാങ്ങൽ അധികാരി വിലകളുടെ യുക്തിഭദ്രത സാക്ഷ്യപ്പെടുത്തേണ്ടതുമാണെന്ന് 26.04.2019-ലെ ജി.ഒ.(പി) നം. 7/19/എസ്.ഡി.പി ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ ഉത്തരവിന് വിരുദ്ധമായിട്ടാണ് MyG-ൽ നിന്നും Lenovo Laptop -ന്റെ മൂന്ന് വ്യത്യസ്ത സ്പെസിഫിക്കേഷന്റെ വില നിരക്ക് വാങ്ങുകയും അവയിൽ ഏറ്റവും കുറഞ്ഞ നിരക്ക് (60,000 രൂപ) ക്വോട്ട് ചെയ്ത സ്പെസിഫിക്കേഷനുള്ള Laptop വാങ്ങിക്കുകയുമാണ് ചെയ്തത്. സർക്കാർ ഉത്തരവിന് വിരുദ്ധമായി ഇപ്രകാരം വാങ്ങൽ നടത്തിയത് ക്രമപ്രകാരമല്ല.

3. വാങ്ങൽ പ്രോക്യൂർമെന്റ് കമ്മിറ്റിയിൽ വച്ച് അംഗീകാരം വാങ്ങിയതായി കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 5 തീയതി 23.11.2022) നൽകിയ മറുപടിയിൽ തനത് ഫണ്ടിൽ തുക ഇല്ലാതിരുന്നതിനാലാണ് ചലഞ്ച് ഫണ്ട് ഉപയോഗിച്ച് വാങ്ങൽ നടത്തിയതെന്നാണ് അറിയിച്ചിരിക്കുന്നത്. ടി തുകയ്ക്ക് വേണ്ട ക്ലെയിം ജില്ലാമിഷന് കൈമാറിയിട്ടുണ്ടെന്നും ടി തുക ലഭിക്കുന്ന മുറയ്ക്ക് ചലഞ്ച് ഫണ്ടിലേക്ക് മുതൽകൂട്ടുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ടി തുക മുതൽകൂട്ടി വിവരം ലഭ്യമാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-20 കുടിവെള്ളക്കരം ഒടുക്കൽ - ധനകാര്യകമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു

ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റ് അനുവദിക്കുന്നത് അടിസ്ഥാന വിഹിതം, പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (Tied Grant) എന്നിങ്ങനെ രണ്ട് ശീർഷകങ്ങളിലാണ്. അടിസ്ഥാന വിഹിതത്തിന് മേഖലാതല നിബന്ധനകൾ ബാധകമല്ല. എന്നാൽ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിന്റെ 50 ശതമാനം തുക ശുചിത്വം, ഖര-ദ്രവ മാലിന്യം സംസ്കരണം, വെളിയിട വിസർജന വിമുക്ത സ്ഥിതി (ODF Status) നിലനിർത്തുന്നതിനും, ODF+ പദവി കൈവരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്കും ബാക്കി 50 ശതമാനം തുക കുടിവെള്ള പ്രോജക്ടുകൾ, മഴവെള്ളക്കൊയ്ത്ത്,

ജലസംരക്ഷണവും ജലസ്രോതസ്സുകളുടെ പരിപോഷണവും, ജലാശയങ്ങളുടെ പുനരുജ്ജീവനം, ജലത്തിന്റെ പുനരുപയോഗവും പുന:ചംക്രമണവും (Reuse/recycling Of Water) എന്നീ രണ്ട് നിർണ്ണായക അടിസ്ഥാന സേവനങ്ങൾക്ക് മാത്രമേ വിനിയോഗിക്കാൻ പാടുള്ളൂവെന്ന് സ.ഉ (കൈ) നം.103/2020/ത.സ്വ.ഭ.വ തീയതി 30/06/2020 നമ്പർ മാർഗ്ഗരേഖയിൽ സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അടിസ്ഥാന വിഹിതം)-ഉപയോഗിച്ച് 2021 നവംബർ മുതൽ 2022 മാർച്ച് മാസം വരെയുള്ള വെള്ളക്കരം അടവാക്കുകയുണ്ടായി. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഇപ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 7 തീയതി 23.11.2022) നൽകിയ മറുപടിയിൽ ധനകാര്യ കമ്മീഷൻ പ്രത്യേക ഉദ്ദേശ ഗ്രാന്റ് വിഹിതം 50% കുടിവെള്ളം, ജലസംരക്ഷണം മുതലായ പദ്ധതികൾക്കുമായി വിനിയോഗിക്കാവുന്നതാണെന്നുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് തുക വിനിയോഗിച്ചതെന്നും ഇ-ഗ്രാമസ്വരാജ് പോർട്ടൽ വഴിയാണ് ടി പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിരുന്നതെന്നും കൂടാതെ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരവും ടി പദ്ധതിയ്ക്ക് ലഭിച്ചിരുന്നുവെന്നും അറിയിക്കുകയുണ്ടായി. ടി മറുപടി അംഗീകരിക്കാവുന്നതല്ല. ഫണ്ടിന്റെ വകമാറ്റൽ ഭാവിയിൽ ഒഴിവാക്കുന്നതിലേക്കായി അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-21 പി എച്ച്.സി മെയിന്റനൻസ് അന്തിമ ബില്ലിൽ അധികം തുക അനുവദിച്ചു, സ്ക്രാപ്പ് ഐറ്റങ്ങളുടെ വില കുറവ് വരുത്തിയില്ല

പ്രോജക്റ്റ് 90/22
അടങ്കൽ: ₹ 880000
ചെലവ് : ₹ 754135 (ജി.എസ്.ടി. ഉൾപ്പെടെ)
കരാറുകാരൻ : കുരുവിള. കെ എം
ബിൽ നം. BRN 21050752006901464979 (Dt:25-3-22)
കരാർ : 53/AE /Lsgd/NDPM / 21 - 22;3-2-22
സെലക്ഷൻ നോട്ടീസ് : 01/ AE/Lsgd/NDPM / 22 ; 31-1-22

സെലക്ഷൻ നോട്ടീസ് പ്രകാരം 9.9 % ടെണ്ടർ Below തുകയായ 707591/- ക്ക് കുരുവിള കെ എം ന് നിർമ്മാണ പ്രവൃത്തി ഏൽപ്പിച്ചു നൽകിയിട്ടുണ്ട്. എന്നാൽ റിവൈസ്ഡ് ടെണ്ടറിൽ ക്രമനം 1,12 എന്നീ ഇനങ്ങളുടെ അധിക Quantity യിൽ ടെണ്ടർ കുറവ് വരുത്തിയിട്ടില്ല. ടെണ്ടർ കുറവ് വരുത്താത്ത നിരക്ക് പ്രകാരമുള്ള തുകകളാണ് നൽകിയിട്ടുള്ളത് .ഐറ്റം 1 ൽ അധികമായി ചെയ്തിട്ടുള്ള 3.816 M3 ന് കരാർ പ്രകാരമുള്ള ടെണ്ടർ കുറവ് വരുത്താതെ ₹430 രൂപയും , ഐറ്റം 12 ൽ അധികം ചെയ്ത പ്രവൃത്തി 19.968 M2 ന് 537 രൂപയും അധികം നൽകിയിട്ടുണ്ട്.. ആകെ അധികം നൽകിയ തുക ₹967/- കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.
ടി നിർമ്മാണ പ്രവൃത്തിയുടെ അന്തിമ ബിൽ തുകയായ ₹ 673334.93/- നിന്നും Extra Items ആയി നിർവ്വഹിച്ച പ്രവൃത്തികളിൽ (ജി.എസ്.ടി. ഒഴിവാക്കിയിട്ടുള്ള തുക)
1 )Dismantle ചെയ്ത Roofing , Ridges, Hips,velleys, Gulters Etc (183.75 M2) [ 183.75x1.2) എന്നിവ 220.5 കി.ഗ്രാമും
2 ) Dismantle ചെയ്ത Steel Works In Built Up Sections In Angles, Tees, Flats & Channels എന്നിവ (572.45 M2 ) [ 572.45 X 1.2 )686.94 Kg എന്നീ അളവുകളിലുമാണ്.

രണ്ടു പ്രവൃത്തികളിലും കൂടി ആകെ സ്ക്രാപ്പ് ഐറ്റം 907.44 Kg മാണ് 907.44 Kg സ്ക്രാപ്പ് ₹20/ Kg പ്രകാരം ₹ 18149/- വില വരുന്നുണ്ട്.. ഈ തുക ബില്ലിൽ നിന്നും കുറവ് വരുത്തിയിട്ടില്ല.
Dismantle ചെയ്തവയുടെ Certificate എം -ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.. കൂടാതെ Scrap സാധനങ്ങളുടെ വില നിശ്ചയിച്ച എസ്.ആർ ( സർവ്വേ റിപ്പോർട്ട് ) ഉം തയ്യാറാക്കിയിട്ടില്ല . പ്രവൃത്തി പൂർത്തിയാക്കി നാളിതു വരെയായിട്ടും സ്ക്രാപ്പുകളുടെ വിശദാംശങ്ങൾ ലഭ്യമല്ലാത്ത സാഹചര്യമാണുള്ളത്. ഇതു സംബന്ധിച് എൻക്വയറി (17/26.11.22) നൽകിയതിന് സ്ക്രാപ്പുകളുടെ SR തയ്യാറാക്കി ആനുപാതികമായ തുക ബില്ലിൽ കുറവ് വരുത്തിയിട്ടില്ലെന്നും, സ്ഥല പരിശോധന നടത്തി ലേല നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടിയാണ് നൽകിയത്. സ്ക്രാപ്പുകളുടെ പരിശോധന നടത്തി ലേലനടപടികൾ സ്വീകരിക്കുകയോ അല്ലാത്തപക്ഷം ആയതിന്റെ വില കണക്കാക്കി തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.

## 1-22 ഏറ്റെടുത്ത നിർമ്മാണ പ്രവൃത്തി കരാറുകാരൻ നിർവ്വഹിച്ചില്ല - നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പൂർത്തിയാക്കുന്നത് - സംബന്ധിച്ച് .

പ്രവൃത്തിയുടെ പേര് – ലിജോ ഭവൻ - തെക്കേതിൽ പടി റോഡ് സംരക്ഷണ ഭിത്തി കെട്ട്
പ്രോജക്റ്റ് നം. – എസ് 121/22
ഫണ്ടിനം – മെയിന്റനൻസ് ഗ്രാന്റ് (റോഡ്)
അടങ്കൽ: : ₹ 396000/-

ടി പദ്ധതിക്കായി ടെൻഡർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ.കെ.പി ജോണിന്റെ ടെൻഡർ (4.1% Below) 18-5-21 തിയതിയിലെ 2 (1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. 7 - 6 - 2021 ലെ 1/ AE/2021 നമ്പർ സെലക്ഷൻ നോട്ടീസ് കരാറുകാരൻ 18 /6/2021 ൽ കൈപ്പറ്റുകയും 29-6-21 ൽ കരാർ ചമയ്ക്കുയും ചെയ്തിട്ടുണ്ട്. എന്നാൽ ടിയാൻ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല. പ്രവൃത്തി സ്ഥലം ഏറ്റെടുത്ത് നാളിതു വരെയായി നിർമ്മാണം ആരംഭിക്കാത്ത കരാറുകാരനെ കരിമ്പട്ടികയിൽ പെടുത്തുന്നതിനുള്ള നടപടികൾ പഞ്ചായത്ത് കമ്മിറ്റി സ്വീകരിക്കേണ്ടതാണ് കൂടാതെ ടിയാന്റെ സെക്യൂരിറ്റി നിക്ഷേപം കണ്ടുകെട്ടി പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ റദ്ദാക്കി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 പരേതർക്കും ക്ഷേമപെൻഷൻ വിതരണം ചെയ്തു

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം സംബന്ധിച്ച ഡേറ്റ ബേസ് പരിശോധിച്ചതിൽ ഗുണഭോക്താക്കളുടെ പെൻഷൻ അവർ മരണപ്പെട്ടതിന് ശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കണ്ടെത്തി. 2019-ൽ മസ്റ്ററിംഗ് നടത്തിയതിന് ശേഷം മരണപ്പെട്ടതും, ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തതുമായ ഏതാനും ഗുണഭോക്താക്കളുടെ വിശദാംശമാണ് പരിശോധിച്ചത്. പരിശോധനയിൽ വ്യക്തമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരണം നടന്ന തീയതി | അനർഹമായ കാലയളവ് | മരണാനന്തരം വിതരണം ചെയ്ത തുക | അക്കൗണ്ട് നമ്പർ |
|---|---|---|---|---|---|---|
| കെ. ജി. കുട്ടപ്പനാശാരി | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | Xxxxxxxx0134 | 11/01/2020 | 02/2020-09/2022 | 49800 | 570109 94600 SBI |
| പണിക്കർ ചെല്ലപ്പൻ | കർഷക തൊഴിലാളി പെൻഷൻ | Xxxxxxxx0065 | 04/02/2020 | 03/2020-09/2022 | 46540 | 570109 95376 SBI |
| മാത്തുക്കുട്ടി റ്റി. റ്റി | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷന് | Xxxxxxxx1414 | 21/03/2021 | 04/2021-09/2022 | 28800 | 201300 30094 SBI |

ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്ത ഗുണഭോക്താവിനെ യഥാസമയം പെൻഷൻ ഡേറ്റ ബേസിൽ നിന്നും ഒഴിവാക്കാത്തതിനാലാണ് ഈ അപാകത സംഭവിച്ചത്. അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 14/26.11.22) നൽകിയ മറുപടിയിൽ ടി ഗുണഭോക്താക്കൾ മറ്റ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പരിധിയിൽ മരണമടഞ്ഞതാണെന്നും എന്നാൽ പ്രസ്തുത വിവരം അതാത് പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ഈ ഗ്രാമപഞ്ചായത്തിനെ അറിയിക്കാത്തതുമൂലമാണ് ഒഴിവാക്കാതിരുന്നതെന്നും അറിയിക്കുകയുണ്ടായി. ഇത്തരത്തിൽ അനർഹമായി കൈപ്പറ്റിയ തുക അനന്തരവകാശികളിൽ നിന്നും തിരിച്ച് പിടിച്ച് സർക്കാരിലേയ്ക്ക് മുതൽ കൂട്ടേണ്ടതാണ്. അല്ലാത്ത പക്ഷം അത് ബന്ധപ്പെട്ട സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്. പെൻഷൻ ഗുണഭോക്താക്കൾ മറ്റ് തദ്ദേശ സ്ഥാപന പരിധിയിൽ മരണപ്പെട്ടാൽ അങ്ങനെയുള്ളവരുടെ വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് സ.ഉ(എം.എസ്)97/2020/ധന തീ.23.09.2020 നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ ഇതനുസരിച്ച് തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

മരണമടയുന്നവരുടെ വിവരങ്ങൾ അങ്കണവാടി / ആശാവർക്കർ മുഖാന്തിരം എല്ലാ മാസവും ശേഖരിക്കുകയും പരിശോധന നടത്തി പെൻഷൻ ഡേറ്റാബേസിൽനിന്ന് ഒഴിവാക്കുന്നതിനും പെൻഷൻ സെക്ഷൻ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അംഗീകരിച്ച ക്വൊട്ടേഷനിൽ അധികമായി വാഹന വാടക നൽകി

പദ്ധതിയുടെ പേര് -ഹരിതകർമസേനയ്ക്ക് വാഹനവാടക
പ്രോജക്ട് നമ്പർ. 182/2021-22

അടങ്കൽ - 30000 ( നിർമൽ പുരസ്കാരവിഹിതം)

ചെലവ് - 29989 രൂപ

ബിൽ നം- 266/18.03.2022 , തുക-29989 രൂപ

ഹരിതകർമസേനയ്ക്ക് വാഹനം വാടകയ്ക്ക് എടുക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ ലഭിച്ച 3 ക്വട്ടേഷനുകളിൽ ഏറ്റവും കുറവ് തുക ക്വോട്ട് ചെയ്ത ശ്രീ.മണിക്കുട്ടൻ ടി.കെ. യുടെ കിലോമീറ്ററിന് 27 രൂപ , പ്രതിദിനം മിനിമം 945 രൂപ എന്ന ക്വൊട്ടേഷൻ 28.01.22 ലെ 4/1 നം തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം ശ്രീ.മണിക്കുട്ടൻ ടി.കെ. യുടെ പേരിലുള്ള 200 രൂപ മൂല്യമുള്ള മുദ്രപത്രം ,രേഖപ്പെടുത്തലുകൾ കൂടാതെ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. വിവിധ വാർഡുകളിൽ നിന്ന് മാലിന്യം ശേഖരിച്ച് എംസി.എഫ് ൽ എത്തിച്ചതിന് ട്രിപ്പ് ഷീറ്റുകൾ ഹാജരാക്കിയിട്ടുള്ളതാണ്. ക്വട്ടേഷനിൽ രേഖപ്പെടുത്തിയ കിലോമീറ്ററിന് 27 രൂപ എന്ന നിരക്കിനേക്കാൾ അധികമായി ടിയാൾക്ക് 10765 രൂപ വാടക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | മാലിന്യ ശേഖരണം നടത്തിയ വാർഡുകൾ | ദൂരം | ക്വട്ടേഷൻ പ്രകാരം നൽകാവുന്നത് | നൽകിയത് | അധികം നൽകിയത് |
|---|---|---|---|---|---|
| 29.01.2022 | 1 -6 | 130 കി.മീ | 3510 | 5440 | 1930 |
| 31.01.22 | 7-12 | 130 കി.മീ | 3510 | 5440 | 1930 |
| 20.02.22 | 1-5,13 | 130 കി.മീ | 3510 | 5440 | 1930 |
| 28.02.22 | 6-13 | 130 കി.മീ | 3510 | 5440 | 1930 |
| 16.03.22 | 1-6 | 130 കി.മീ | 3510 | 5440 | 1930 |
| 17.03.22 | 7-9 | 62 കി.മീ | 1674 | 2789 | 1115 |
| ആകെ | | | 19224 | 29989 | 10765 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വിശദീകരിച്ചത് മുൻ വർഷത്തിൽ മാലിന്യശേഖരണവുമായി ബന്ധപ്പെട്ട് ഇതേ വാഹനം ഏർപ്പെടുത്തിയിരുന്നുവെങ്കിലും, വാടക പഞ്ചായത്ത് ഫണ്ടിൽ നിന്ന് നൽകിയിട്ടില്ലെന്നാണ്. എന്നാൽ മുൻകാല കടിശിക തൻവർഷത്തെ ചെലവിൽ ക്രമീകരിക്കുന്നത് സംബന്ധിച്ച എന്തെങ്കിലും തീരുമാനം പഞ്ചായത്ത് കമ്മറ്റി എടുത്തിട്ടുള്ളതായോ അതിന്റെ ഭാഗമായി മുൻവർഷത്തെ ട്രിപ്പ് ഷീറ്റുകളോ ചെലവ് രേഖകളോ ഫയലിൽ ലഭ്യമാക്കിയിട്ടുള്ളതായോ കാണാൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ ക്വട്ടേഷനിൽ രേഖപ്പെടുത്തിയ നിരക്കിനെക്കാൾ അധികമായി നൽകിയ തുക 10765 രൂപ തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | അവശേഷിക്കുന്ന തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| സ്ഥാപനം | | | | |
| | 375000 | പട്ടികജാതി സങ്കേതങ്ങളിൽ എൽ.ഇ.ഡി. മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 37500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 250984 | അനുപൂരകപോഷകാഹാരം | 250984 | 0 |
| | 100000 | സോക്ക്പിറ്റ് നിർമ്മാണം | 100000 | 0 |
| | 500000 | 64ാം നം.അംഗൻവാടി നിർമ്മാണം | 92256 | 407744 |
| | 145000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 145000 | 0 |
| | 500000 | ലൈഫ് മിഷൻ (എസ്.സി) | 500000 | 0 |
| | 1000000 | ലൈഫ് മിഷൻ ഭവനനിർമ്മാണം (പട്ടികജാതി) | 706392 | 293608 |
| ജില്ലാ പഞ്ചായത്ത് | 100000 | ആശ്രയ | 100000 | 0 |
| | 500000 | നെൽകൃഷി വികസനം | 500000 | 0 |
| | 200000 | അനുപൂരകപോഷകാഹാരം | 200000 | 0 |
| | 200000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | 700000 | സാന്ത്വനം പരിചരണ പദ്ധതി | 700000 | 0 |
| | 365015 | ഗ്രാമപഞ്ചായത്ത് എം സി എഫ് നോട് ചേർന്ന് പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് നിർമ്മാണം | 365015 | 0 |
| | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |
| | 321134 | ലൈഫ് മിഷൻ ഭവനനിർമ്മാണം(ജനറൽ) | 321134 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 154/22 തെരുവുവിളക്ക് ലൈൻ നീട്ടൽ | 292864 | 292864 | 0 |
| കേരള വാട്ടർ അതോറിറ്റി | 183/22വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ നീട്ടൽ | 71000 | 0 | 71000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. തൻവർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ലോൺ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| KURDFC ലൈഫ് | 9872392 | 8344667 | 762666 | | 7582001 |

## 4-5 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 403047 |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ലഭിച്ച പലിശ | 12595 |
| ആകെ | 415642 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 415642 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | നെടുമ്പ്രം സർവ്വീസ് സഹകരണ ബാങ്ക് | 08.03.2021 | 6 മാസം | 415642 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

ഗ്രാമപ്പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ, തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2004-2005 | 1.1(1)(1) | മരാമത്ത് പണികൾ | പരാമർശം നിലനിൽക്കുന്നു |
| 2004-2005 | 1.11 | നികുതികളും വിഹിതങ്ങളും അടയ്ക്കുന്നില്ല | പരാമർശം നിലനിൽക്കുന്നു |
| 2004-2005 | 2.2 | നിക്ഷേപ പദ്ധതികൾ പൂർത്തിയായില്ല | പരാമർശം നിലനിൽക്കുന്നു |
| 2004-2005 | 2.3 | തൊഴിൽ സംരംഭങ്ങൾ അടച്ചുപൂട്ടി | പരാമർശം നിലനിൽക്കുന്നു |
| 2004-2005 | 2.4 | കാർഷിക യന്ത്രവൽക്കരണം ലക്ഷ്യം നേടിയില്ല | പരാമർശം നിലനിൽക്കുന്നു |
| 2007-2008 | 3.13 | പൊതു പരാമർശം | പരാമർശം നിലനിൽക്കുന്നു |
| 2011-2012 | 2.3 | നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2.1 | തൊഴിൽനികുതി | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2.2 | വസ്തുനികുതി | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2.5 | സ്ഥാപന തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | 59564779 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 53625976 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര-സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ) | 29926 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 51329 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 (3-1) | 10765 | ശ്രീമതി ബിൻസി .ആർ ,വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-21 | 967 | റാസിഫ് എം , അസി.എൻജിനീയർ |

തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 27229 | ശ്രീമതി ബിൻസി ആർ , വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-16 | 24100 | ശ്രീ.പി.മനോജ് കുമാർ, സെക്രട്ടറി |

സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും , ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ബിൻസി.ആർ , വി.ഇ.ഒ | വി.ഇ.ഒ ആനിക്കാട് ഗ്രാമപഞ്ചായത്ത് | മേക്കേപ്ലാങ്കാവിള വീട്, വേങ്കോഡ് ,ചെറിയവെല്ല (പി.ഒ) , തിരുവനന്തപുരം |
| ശ്രീ.മനോജ്കുമാർ, സെക്രട്ടറി | സെക്രട്ടറി , നെടുമ്പ്രം ഗ്രാമ പഞ്ചായത്ത് | പാലിയിൽ വീട് , മതിൽഭാഗം തിരുവല്ല. |
| ശ്രീ. റാസിഫ്.എം | അസി.എൻജിനീയർ | അൽ നഫീസ് , കിഴക്കേപ്പുറം പി.ഒ, അയിരൂർ വർക്കല, തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഓഡിറ്റ് റിപ്പോർട്ട് നം., തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1997-98 | എൽ.എഫ്.പി.റ്റി.എ/പി3-514/00 തീയതി:11.12.00 | 8(2-30, 3-38, 3-44, 3-45, 3-47, 3-49, 3-50, 3-51) |
| 1998-99 | എൽ.എഫ്.പി.റ്റി.എ/പി3-38/02 തീയതി:13.05.02 | 5 (41, 42, 48,49,50) |
| 2013-14 | നം.കെ.എസ്.എ.പി.റ്റി.എ.പി.4/-530/15 | 1 (3-8) |
| 2014-15 | നം.കെ.എസ്.എ.പി.റ്റി.എ.പി.4/732/2016 തീയതി 16.07.2016 | 2 (2-1 , 2-2) |
| 2015-16 | നം.കെ.എസ്.എ.പി.റ്റി.എ.പി.4/1449/16 തീയതി | 1 (3-9) |

| | | |
|---|---|---|
| | 10.01.2017 | |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി4/905/17<br>തീയതി 16.08.17 | 10 (3-1 ,3-9(1,2), 3-10, 3-11, 3-12(1,2), 3-13, 3-14, 3-15, 3-16, 3-17) |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി4/128/19<br>തീയതി 02/03/19 | 9 (3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19) |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി4/161/20<br>തീയതി 16/03/20 | 16 (1-9, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-19, 1-20, 1-21, 3-1, 3-2, 3-3 ,4-10, 4-11) |
| 2019-20 | കെ.എസ്.എ.പി.റ്റി.എ.പി4/230/22<br>തീയതി 09/03/22 | 8(1-11 , 1-15, 1-20, 1-21, 1-23, 4-2, 4-7, 4-10) |
| 2020-21 | കെ.എസ്.എ.പി.റ്റി.എ.പി4/230/22<br>തീയതി 15/07/22 | എല്ലാ ഖണ്ഡികകളും (1-21 To 1-27, 3-1) |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ നെടുമ്പ്രം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ നെടുമ്പ്രം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്